**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 592**

**29.10.2019 - ൽ മറുപടിക്ക്.**

## വ്യവസായ വകുപ്പിന്റെ സ്ഥലം ലീസിന്

ചോദ്യം
ശ്രീ. ആർ. രാജേഷ്

മറുപടി
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കള്ളിക്കുന്നിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 48 സെന്റ് സ്ഥലം ലീസിന് നൽകിയിട്ടുണ്ടോ ; എങ്കിൽ ആർക്കാണ് ലീസിന് നൽകിയതെന്നും ലീസിന് നൽകാനുണ്ടായ സാഹചര്യമെന്തെന്നും വിശദമാക്കാമോ ;

(എ) : മെ. ബേസ് ലാന്റ് ടെക്നിക്സ്, ഒളവണ്ണ എന്ന സ്ഥാപനത്തിന് ലീസിന് നൽകിയിട്ടുണ്ട്. ലീസിന് നൽകാനുണ്ടായ സാഹചര്യം ചുവടെ കുറിക്കുന്നു.

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കള്ളിക്കുന്നിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 48 സെന്റ് ഭൂമി ഓട്ടുപാത്ര നിർമ്മാണ തൊഴിലാളികൾക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതിനായി 1968-ൽ ബെൽ മെറ്റൽ സർവ്വീസ് സെന്റർ എന്ന സ്ഥാപനത്തിന് ആർ.ഐ.പി പദ്ധതി പ്രകാരം നൽകിയിരുന്നു. ടി സ്ഥാപനം പിന്നീട് വർഷങ്ങളോളം പ്രവർത്തന രഹിതമായി കിടന്നതിനാൽ 1975-ൽ ഒളവണ്ണയിലെ ശ്രീ. സി. അബൂബക്കർ എന്നയാൾക്ക് ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ടിയാൻ സംരംഭം തുടങ്ങാതെ പിൻമാറിയതിനെ തുടർന്ന് ഭൂമി തിരിച്ചു പിടിക്കുകയും ശ്രീ. ദാസ് എന്നയാൾക്ക് ആർ.ഐ.പി. പദ്ധതി പ്രകാരം പ്രസ്തുത സ്ഥലം അനുവദിക്കുകയും ചെയ്തു. പക്ഷേ, ടിയാനും സംരംഭം ആരംഭിക്കാതിരുന്നതിനാൽ 24/10/1988-ൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ ഉത്തരവു പ്രകാരം പ്രസ്തുത ഭൂമിയുടെ മേൽനോട്ടച്ചുമതല കോഴിക്കോട് ബ്ലോക്ക് വ്യവസായ ഓഫീസറെ ഏൽപ്പിക്കുകയും ചെയ്തു. 2004-ൽ പ്രസ്തുത ഭൂമി കോഴിക്കോട് ഹൽവാ ക്ലസ്റ്ററിനായി ഒരു കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്യുകയുമുണ്ടായി. എന്നാൽ

റവന്യൂ വകുപ്പ് നിശ്ചയിച്ച ഭൂമിവില നൽകി ടി ഭൂമിയും സ്ഥാപനവും ഏറ്റെടുക്കാൻ ക്ലസ്റ്റർ അംഗങ്ങൾ തയ്യാറാകാത്തതിനാൽ ടി പദ്ധതിയും ഉപേക്ഷിച്ചിരുന്നു. പിന്നീട് ഒളവണ്ണയിലുള്ള തണൽ എന്ന സ്വാശ്രയ സംഘം വ്യവസായം ആരംഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതിരേഖ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. പക്ഷേ, സംഘത്തിന്റെ പേരിൽ വിപുലമായ പ്രോജക്ട് ആരംഭിക്കുന്നതിനുള്ള സാങ്കേതികവും പ്രായോഗികവുമായ തടസ്സം കാരണം പ്രസ്തുത സംഘം ഇതിൽനിന്ന് പിൻമാറുകയുണ്ടായി. തുടർന്ന് തണൽ എന്ന സംഘത്തിന്റെ തന്നെ ഭാരവാഹികൾ ബേസ് ലാന്റ് ടെക്സിക്സ് എന്ന ഒരു പാർട്ട്ണർഷിപ്പ് സ്ഥാപനത്തിന് രൂപം നൽകുകയും സിമന്റ് ബ്രിക്സ്, ഇന്റർലോക്ക്, കോൺക്രീറ്റ് ഡോർ, ജനൽ എന്നിവ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുവാൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ. ടി പ്രോജക്ട് ജില്ലാതല പ്രോജക്ട് അപ്രൈസൽ കമ്മിറ്റി പരിശോധിക്കുകയും ആയത് ശുപാർശ ചെയ്യുകയുമുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ മെ. ബേസ് ലാന്റ് ടെക്സിക്സിന് 27/10/2015-ൽ പ്രസ്തുത ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിച്ച് നൽകുകയും ചെയ്തു.

(ബി) പ്രസ്തുത ഭൂമി ലീസിന് നല്കിയ നടപടി റദ്ദ് ചെയ്ത് വ്യവസായ ആവശ്യത്തിന് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന് ലീസിന് നൽകണമെന്നത് സംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

(ബി) ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷ അനന്തര നടപടികൾക്കായി വ്യവസായ വാണിജ്യ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.